"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - കൊല്ലം ഡിവിഷനിലെ കരുനാഗപ്പള്ളി റേഞ്ചിലെ എക്സൈസ് ഡ്രൈവർ ശ്രീ.എ.അബ്ദുൾ മനാഫിനെതിരായ അച്ചടക്കനടപടി - അപ്പീൽ അപേക്ഷ - തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.348/2026/TAXES തീയതി, തിരുവനന്തപുരം, 30-03-2026**

---

പരാമർശം:-
1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)-ന്റെ 22.08.2024-ലെ EXC/2281/2022-XE5 നമ്പർ നടപടിക്രമം
2. ശ്രീ. അബ്ദുൾ മനാഫ് 26.11.2024-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 17.06.2025, 05.02.2026 തീയതികളിലെ EXC/2281/2022-XE5 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഡ്രൈവർ ഗ്രേഡ് ശ്രീ.എ.അബ്ദുൽ മനാഫ് കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ജി.കൃഷ്ണകുമാറിനെതിരെ അപകീർത്തികരമായ പോസ്റ്റുകൾ വാട്സ് ആപ്പ് ഗ്രൂപ്പിൽ നടത്തിയതിന് ടിയാനെതിരെ സ്വീകരിച്ച അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക്

തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ.എ.അബ്ദുൽ മനാഫ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ എക്സൈസ് കമ്മീഷണർ പരാമർശം (3)-ലെ 17.06.2025-ലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. ടി അപ്പീൽ അപേക്ഷയിന്മേൽ 17.9.2025 തീയതിയിൽ വാദം കേൾക്കുകയുണ്ടായി.

**2) ശ്രീ.എ.അബ്ദുൽ മനാഫിന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു;**

എക്സൈസ് കമ്മീഷണറുടെ 22.8.2024-ലെ ഇ.എക്സ്.സി./2281/2022/എക്സ്.ഇ.5 നമ്പർ കത്തുപ്രകാരം സ്വീകരിച്ച ശിക്ഷാനടപടി ക്രമവിരുദ്ധവും, അതിനായി സ്വീകരിച്ച അന്വേഷണപ്രകിയയും, നടപടിക്രമങ്ങളും പൂർണമായി നിയമപരമായും ധാർമികപരമായും നിലനിൽക്കാത്തതുമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

**I) സോഷ്യൽ മീഡിയ വഴി (സാമുഹ്യമാധ്യമം) അപകീർത്തികരമായി വോയ്സ് ഓഫ് എക്സൈസ് എന്ന എക്സൈസ് ജീവനക്കാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു.**

എക്സൈസ് വകുപ്പിലെ കുറച്ചു ജീവനക്കാർമാത്രം ഉൾക്കൊള്ളുന്നതും, പുറത്തുനിന്നുള്ളവർക്കോ, പൊതുജനത്തിനോ ആക്സസ് ചെയ്യുവാൻ കഴിയാത്തതുമായ ഒരു പ്രൈവറ്റ് ഗ്രൂപ്പാണ് വോയ്സ് ഓഫ് എക്സൈസ്. ബഹു: കേരള ഹൈക്കോടതിയുടെ WP(C).No.21994 of 2020-ന്റെ വിധിപ്പകർപ്പിൽ കൃത്യമായും, വ്യക്തമായും ഇത്തരം പ്രൈവറ്റ് ഗ്രൂപ്പുകൾ സോഷ്യൽ മീഡിയ പരിധിയിൽ വരില്ല എന്ന വാദം ശരിവെച്ചിട്ടുള്ളതും ഇത്തരം പോസ്റ്റിന് എതിരായി സ്വീകരിച്ച നടപടികൾ റദ്ദ് ചെയ്തിട്ടുള്ളതുമാണ്. മാത്രമല്ല, കേരള ഹൈക്കോടതിയുടെതന്നെ നിരവധി വിധികളിൽ

ജീവനക്കാരുടെ പ്രൈവറ്റ് വാട്ട്സാപ്പ് ഗ്രൂപ്പിൽ മെസ്സേജുകൾ പോസ്റ്റ് ചെയ്യുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(a) അനുസരിച്ച് ശിക്ഷിക്കാൻ കഴിയില്ലായെന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്.

**II) ചട്ടം - 60 (എ) പ്രകാരം സർക്കാരിനെതിരെ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു.**

സർക്കാരിനെതിരെയോ, സർക്കാർ നയങ്ങൾക്കെതിരെയോ മേൽ പോസ്റ്റിൽ യാതൊരു പരാമർശവും നടത്തിയിട്ടില്ല. നിയമപരമായി ഒരു സബോർഡിനേറ്റിനെ ഓഫീസിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളെ ചൂണ്ടിക്കാണിച്ചതിന്റെ പേരിൽ ഉണ്ടായ വൈരാഗ്യം കാരണം, ഓഫീസ് മേധാവി വ്യാജറിപ്പോർട്ടുകൾ മേലധികാരത്തിൽ സമർപ്പിച്ച് തെറ്റിദ്ധരിപ്പിച്ചും, എതിർകക്ഷിക്ക് വകുപ്പിന്റെ ഉന്നതങ്ങളിലെ സ്വാധീനം ഉപയോഗിച്ചും, നിയമവിരുദ്ധമായ ശിക്ഷാനടപടികൾക്ക് വിധേയനാക്കുക വഴി അത് ടി ജീവനക്കാരനെ ബാധിക്കുകയും, (മെന്റൽ ഹരാസ്മെന്റ്) മാനസിക അസ്വാസ്ഥ്യം ഉണ്ടാവുകയും (ബാധിക്കുകയും) എവിടേക്കെന്നില്ലാതെ പുറപ്പെട്ടു പോവുകയും (16 ദിവസം), ടി ജീവനക്കാരനെ കാണ്മാനില്ലാതെ വന്ന സാഹചര്യത്തിൽ, ടി ജീവനക്കാരന്റെ കുടുംബാംഗങ്ങൾ സോഷ്യൽ മീഡിയ ചാനലുകൾക്ക് മുന്നിൽ സങ്കടപ്പെടുന്ന ദൃശ്യങ്ങൾ മേൽ വോയ്സ് ഓഫ് എക്സൈസ് എന്ന സ്വകാര്യ ഗ്രൂപ്പിൽ ആരോ ഒരംഗം പോസ്റ്റ് ചെയ്യുകയും, മറ്റൊരംഗത്തിന്റെ ആയതിന് കാരണമെന്താണ് എന്ന ചോദ്യത്തിന് പോസ്റ്റ് ചെയ്ത മറുപടിയാണ് മേൽ ആരോപണത്തിലേക്ക് നയിച്ചത്.

കേരള എക്സൈസ് ഡ്രൈവേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയാണ് ഹർജിക്കാരൻ. ടി പോസ്റ്റിൽ ഹർജിക്കാരൻ പറഞ്ഞിട്ടുള്ള യാതനകൾ അനുഭവിച്ച ഉദ്യോഗസ്ഥൻ കേരള എക്സൈസ് ഡ്രൈവേഴ്സ് അസോസിയേഷന്റെ കൊല്ലം ജില്ലാ സെക്രട്ടറിയുമാണ്.

യാതനകൾ അനുഭവിച്ച ടി ഉദ്യോഗസ്ഥന്റെ അവസ്ഥയ്ക്ക് കാരണമായ വസ്തുതകൾ എഴുതി എന്നത് മാത്രമാണ് ചെയ്തിട്ടുള്ളത്. മേൽ പോസ്റ്റിൽ ഒരാളുടെയും പേർ പരാമർശിച്ചിട്ടില്ല, പോസ്റ്റിൽ പറയുന്ന ജീവനക്കാരൻ അനുഭവിച്ച യാതനകൾ പറഞ്ഞിട്ടുണ്ട്. പോസ്റ്റിൽ പറഞ്ഞിട്ടുള്ളവയെല്ലാംതന്നെ പൂർണമായും ശരിയായതും, രേഖകളുടെ പിൻബലമുള്ളതും സത്യവുമാണ്.

i. അന്വേഷണ ഉദ്യോഗസ്ഥൻ പരാതിക്കാരനുമായി ഒരേ ട്രെയിനിങ് ബാച്ചും, സമാനറാങ്കിലുള്ള ആളും ഉറ്റസുഹൃത്തുക്കളുമാണ്.

ii. പരാതിക്കാരനും അന്വേഷണ ഉദ്യോഗസ്ഥനും കുറ്റകൃത്യങ്ങളിൽ പങ്കാളികളും അന്വേഷണവിധേയരുമായിരുന്നു.

iii. അന്വേഷണ ഉദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ട് പക്ഷപാതപരവും, നീതിരഹിതവും, മൊഴികളിലെ വാദങ്ങൾക്ക് എതിരായിട്ടുള്ളതുമാണ്.

iv. 15 സിസിഎ പ്രകാരം അച്ചടക്കനടപടിയുടെ ഭാഗമായി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ, ശിക്ഷിക്കുംമുൻപ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ആരോപണവിധേയന് നൽകുകയും, ടിയാന്റെ ഭാഗത്തുനിന്നും ശിക്ഷിക്കപ്പെടാതിരിക്കുവാൻ കൂടുതലായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അതിന് അവസരം നൽകിയശേഷം മാത്രമേ ശിക്ഷിക്കാവു എന്ന നടപടിക്രമം ഇവിടെ പാലിച്ചിട്ടില്ല.

v. 15 സിസിഎ പ്രകാരം ഹർജിക്കാരനെതിരായി നടപടിക്രമങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ച ശിക്ഷ നിയമപരമായി നിലനിൽക്കുന്നതല്ല.

vi. തെറ്റായും നിയമവിരുദ്ധമായും മേൽപരാതിക്കാരൻ ചെയ്ത കാര്യങ്ങൾ ഹർജിക്കാരൻ ഫോർമൽ എൻക്വയറിവേളയിൽ ക്രോസ്സിങ്ങിലും എതിർകക്ഷികളിൽനിന്നും മറുപടിയായി ലഭിച്ച മൊഴികളിലും സ്ഥാപിച്ചിട്ടുള്ളതാണ് .

vii. അന്വേഷണ ഉദ്യോഗസ്ഥൻ പരാതിയിലോ, മേലധികാരി

അന്വേഷണത്തിന് കാരണമായി നിർദ്ദേശിച്ച കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ അഭിപ്രായക്കുറിപ്പിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചോ, യാതൊരു അന്വേഷണവും സ്വീകരിച്ചിട്ടില്ല. റിപ്പോർട്ടിൽ അത് സംബന്ധമായി പരാമർശങ്ങൾ ഒന്നുംതന്നെയില്ല.

**viii.** റിപ്പോർട്ട് അപൂർണ്ണവും, തെറ്റായതും, ഭാഗികവും നിയമപരമായി നിലനിൽക്കാത്തതുമാണ്.

**ix.** അമ്പേഷണവേളയിൽ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ മൊഴിയിൽ, ഇപ്രകാരം ഒരേ റാങ്ക് ഉള്ളവരാണ് അന്വേഷണ ഉദ്യോഗസ്ഥനും, പരാതിക്കാരനും എന്നതും ഇവർ ഉറ്റസുഹൃത്തുക്കളായതിനാലും, കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട് ഒരുമിച്ച് പ്രവർത്തിച്ചിട്ടുള്ളവരുമായതിനാൽ, ഈ അന്വേഷണം ധാർമികമായും, നിയമപരമായും നിലനിൽക്കാത്തതാണെന്ന് എന്നും ബോധിപ്പിച്ചിട്ടുള്ളതാണ്.

എന്നാൽ അന്വേഷണം തുടരുകയും, നടപടിക്രമങ്ങൾ ഹർജിക്കാരൻ ലംഘിച്ചുവെന്ന് വരാതിരിക്കുന്നതിനുവേണ്ടി അന്വേഷണത്തിൽ തുടർന്നും പങ്കെടുക്കുവാൻ നിർബന്ധിതനാവുകയുമായിരുന്നു.

സോഷ്യൽ മീഡിയയിൽകൂടി അപകീർത്തികരമായി പോസ്റ്റ് ചെയ്തു എന്നത് നിലനിൽക്കാത്ത ആരോപണമാണെന്നും, ചട്ടം **60(എ)** പ്രകാരം സർക്കാരിനെതിരെയോ, സർക്കാരിന്റെ ഏതെങ്കിലും നയങ്ങൾക്കെതിരെയോ, വകുപ്പിന്റെ ഏതെങ്കിലും തരത്തിലെ പ്രവർത്തനങ്ങൾക്ക് എതിരെയോ പ്രസ്താവന നടത്തിയിട്ടില്ല എന്നതും രേഖകളുടെ അടിസ്ഥാനത്തിൽ ബോധിപ്പിച്ചിട്ടുള്ളതാണ്.

മേൽ ശിക്ഷാവിധിയിലേക്ക് നയിച്ച നടപടിക്രമങ്ങളുടെ നിയമപരമായ ലംഘനവും, അധാർമികതയും ബോധ്യപ്പെട്ട് മേൽ സ്വീകരിച്ച ശിക്ഷാവിധി നിരുപാധികം റദ്ദ് ചെയ്യണമെന്ന് അപേക്ഷിക്കുന്നു. സർവീസിലെ ഔട്ട്സ്റ്റാൻഡിങ്

പെർഫോമൻസിന് 2008-ൽ കേരള മുഖ്യമന്ത്രിയുടെ എക്സൈസ് മെഡൽ നേടിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന പരിഗണന നൽകിയും, 2027 മെയ് മാസംവരെമാത്രം സർവീസുള്ളത് സംബന്ധിച്ച് ഒരു വർഷത്തെ ഭീമമായ തുക നഷ്ടപ്പെടുകയും കുറ്റം ചെയ്യാതെ ശിക്ഷിക്കപ്പെടുക എന്നത് കടുത്ത മാനസിക സമ്മർദ്ദം സൃഷ്ടിക്കുന്നതിന് ഇടയാക്കുന്നതുമാകയാൽ ന്യായയുക്തമായ തീരുമാനം കൈക്കൊള്ളണമെന്നും നിരപരാധിത്വം ബോധ്യപ്പെട്ട് മേൽ ശിക്ഷ റദ്ദ് ചെയ്ത് ഉത്തരവാകണമെന്നും വിനീതമായി അപേക്ഷിച്ചു കൊള്ളുന്നു.

**3) എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:**

പത്തനാപുരം എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഡ്രൈവർ ശ്രീ.എൽ.മുഹമ്മദ് ആഷിക്കിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഡ്രൈവർ ശ്രീ.അബ്ദുൾ മനാഫ് എക്സൈസ് ജീവനക്കാർ മാത്രം അംഗങ്ങളായ കൊല്ലം ജില്ലയിലെ 'വോയ്സ് ഓഫ് എക്സൈസ്' എന്ന ഒരു വാട്സ് ആപ്പ് ഗ്രൂപ്പിൽ കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ജി.കൃഷ്ണകുമാറിനെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ വസ്തുതാവിരുദ്ധമായും, അച്ചടക്കരഹിതമായും പ്രസ്താവന നടത്തിയതിന്മേൽ ശ്രീ.അബ്ദുൾ മനാഫിനെതിരെ നടപടി സ്വീകരിക്കണമെന്ന് കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഡ്രൈവർ ശ്രീ.അബ്ദുൾ മനാഫിന് ഈ ഓഫീസിൽനിന്നും 31.10.2022-ൽ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. അതിന് ടിയാൻ സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലാതിരുന്നതിനാൽ ടിയാനെതിരായ

അച്ചടക്കനടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി **26.03.2024**-ലെ **EXC/2281/2022-XE5** പ്രകാരം കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറെ ഫോർമൽ എൻക്വയറി ഓഫീസറായി നിയമിച്ച് ഉത്തരവാകുകയും, ടിയാൻ **26.06.2024**-ൽ ഫോർമൽ എൻക്വയറി റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

ഫോർമൽ എൻക്വയറി റിപ്പോർട്ട് പ്രകാരം, ശ്രീ.അബ്ദുൽ മനാഫ്, ശ്രീ.കൃഷ്ണകുമാറിനെ പേരെടുത്ത് പരാമർശിക്കാതെയും, തെളിവുകളുടെ പിൻബലമില്ലാതെയും അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാജനകവുമായ പരാതിക്കാധാരവുമായ പ്രസ്താവനകൾ ടിയാന്റെ **9847488253** എന്ന വാട്സ് ആപ്പ് നമ്പറിൽനിന്നും 'വോയ്സ് ഓഫ് എക്സൈസ്' എന്ന വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവച്ചെന്ന് വെളിവാകുന്നതായും, എന്നാൽ പ്രസ്തുത ആരോപണങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വിശ്വസനീയമായ തെളിവുകൾ/രേഖകൾ ഹാജരാക്കാൻ ടിയാന് കഴിഞ്ഞിട്ടില്ലെന്നും, ശ്രീ.എൽ.മുഹമ്മദ് ആഷിക് പങ്കുവച്ച വിവരങ്ങളുടെ വിശ്വാസ്യതയെക്കുറിച്ച് അന്വേഷിക്കാതെയും ടിയാന്റെ അറിവോ സമ്മതമോ ഇല്ലാതെയുമാണ് ശ്രീ.അബ്ദുൽ മനാഫ് ആയവ വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവെച്ചതെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഏതൊരു സർക്കാർ ഉദ്യോഗസ്ഥനെക്കുറിച്ചും പരാതിയും ആരോപണങ്ങളും അറിയിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വിപുലമായ സർക്കാർ സംവിധാനങ്ങളും, ഡിപ്പാർട്ട്മെന്റ് സംവിധാനങ്ങളും നിലവിൽ ഉണ്ടായിരിക്കുകയും അതിനെക്കുറിച്ച് വ്യക്തമായ അവബോധം ശ്രീ. അബ്ദുൽ മനാഫിന് ഉണ്ടായിരുന്നിട്ടും അപ്രകാരം ചെയ്യുന്നതിനുപകരം ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥനെതിരെ സോഷ്യൽ മീഡിയയിലൂടെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പ്രചരിപ്പിച്ചത് മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളുടെ ലംഘനവും, സർക്കാർ

ഉദ്യോഗസ്ഥർ പാലിക്കേണ്ട അച്ചടക്കത്തിന്റെയും, മര്യാദയുടെയും, പെരുമാറ്റചട്ടങ്ങളുടെയും ഗുരുതരമായ ലംഘനവും ഉദ്യോഗസ്ഥർക്കിടയിൽ സ്പർദ്ധയുണ്ടാക്കുന്ന തരത്തിലുമുള്ളതുമാണെന്നും ടിയാന്റെ മേൽ പ്രവൃത്തി ഒരു അച്ചടക്കസേനയിലെ അംഗം എന്ന നിലയിൽ നീതിപൂർവ്വമല്ലാത്തതാണെന്നും കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഫോർമൽ എൻക്വയറി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

കുറ്റാരോപിതൻ സമർപ്പിച്ച വിശദീകരണം, വാച്യാന്വേഷണ റിപ്പോർട്ടും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ശ്രീ.അബ്ദുൽ മനാഫിന്റെ മേൽ പ്രവൃത്തി സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട അച്ചടക്കത്തിന്റെയും, മര്യാദയുടെയും, പെരുമാറ്റചട്ടങ്ങളുടെയും ലംഘനമാണെന്നും ടിയാന്റെ ഭാഗത്ത് വീഴ്ച ഉണ്ടായതായും ബോദ്ധ്യമായെങ്കിലും ഇക്കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിച്ചാണ് ടിയാനെതിരായ അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ **(without cumulative effect)** ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി **22.08.2024**-ലെ **EXC/2281/2022-XE5** നമ്പർ പ്രകാരം ഉത്തരവായത്.

**4)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനാപുരം എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഡ്രൈവർ ശ്രീ.എൽ.മുഹമ്മദ് ആഷിക്കിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ എക്സൈസ് ജീവനക്കാർമാത്രം അംഗങ്ങളായ കൊല്ലം ജില്ലയിലെ 'വോയ്സ് ഓഫ് എക്സൈസ്' എന്ന ഒരു വാട്സ് ആപ്പ് ഗ്രൂപ്പിൽ കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ജി.കൃഷ്ണകുമാറിനെ

അപകീർത്തിപ്പെടുത്തുന്ന രീതിയിൽ പ്രസ്താവന നടത്തിയതിനാണ് ഹർജിക്കാരനെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിലെ എക്സൈസ് ഡ്രൈവർമാരുടെ സ്ഥലംമാറ്റ ഉത്തരവിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഡ്രൈവർമാരുടെ പ്രതിനിധി എന്ന നിലയിൽ ശ്രീ.മുഹമ്മദ് ആഷിക് സമർപ്പിച്ച അപേക്ഷയിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കെതിരെ ധിക്കാരപരമായ പരാമർശങ്ങൾ ഉണ്ടെന്നുള്ള ആരോപണത്തെ തുടർന്ന് ടിയാനെതിരെ സ്വീകരിച്ച നടപടികളാണ് ടിയാന്റെ തിരോധാനത്തിൽ കലാശിച്ചത് എന്നതുമായി ബന്ധപ്പെട്ട വസ്തുതകളാണ് ഹർജിക്കാരൻ പോസ്റ്റ് ചെയ്തതെന്നും അതിൽ ആരുടെയും പേര് പരാമർശിച്ചിട്ടില്ല എന്നും അവയെല്ലാം രേഖകളുടെ പിൻബലമുള്ളതും സത്യവും പൂർണ്ണമായും ശരിയായതുമാണെന്നും ഹർജിക്കാരൻ വാദിക്കുന്നു.

**5)** ശ്രീ.മുഹമ്മദ് ആഷിക് പങ്കുവെച്ച വിവരങ്ങളുടെ വിശ്വാസ്യതയെ കുറിച്ച് അന്വേഷിക്കാതെയും ടിയാന്റെ അറിവോ സമ്മതമോ ഇല്ലാതെയുമാണ് ശ്രീ.അബ്ദുൽ മനാഫ് വിവരങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവെച്ചിട്ടുള്ളതെന്നും ടിയാന്റെ പ്രവൃത്തി ഒരു അച്ചടക്കസേനയിലെ അംഗം എന്ന നിലയിൽ നീതിപൂർവ്വം അല്ലാത്തതാണെന്നും അന്വേഷണ ഉദ്യോഗസ്ഥനായ എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എക്സൈസ് ഇൻസ്പെക്ടർ ഫോർമൽ അന്വേഷണറിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ശിക്ഷാനടപടി സ്വീകരിച്ചതെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുന്നു.

**6)** ഹർജിക്കാരനെതിരെ പരാതി നൽകിയ ഉദ്യോഗസ്ഥനും അന്വേഷണ ഉദ്യോഗസ്ഥനും ഒരേ റാങ്കിൽ ഉള്ളവരാണെന്നും ഇവർ ഉറ്റസുഹൃത്തുക്കളാണെന്നും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട് ഒരുമിച്ച് പ്രവർത്തിച്ചിട്ടുള്ളവരാണെന്നും അതിനാൽതന്നെ, അന്വേഷണം

ധാർമികമായും നിയമപരമായും നിലനിൽക്കാത്തതാണെന്നും ഹർജിക്കാരൻ വാദിക്കുന്നു. ടിയാൻ സർക്കാരിനെതിരായോ സർക്കാരിന്റെ നയങ്ങൾക്കെതിരായോ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കെതിരായോ ഒരു പ്രസ്താവനയും നടത്തിയിട്ടില്ലായെന്നും എക്സൈസ് വകുപ്പ് അച്ചടക്കസേനയുടെ ഭാഗമായി വരുന്നതല്ലെന്നും ഹർജിക്കാരൻ വാദിക്കുന്നു.

**7)** **WP(C)No.21994/2020(4)**-ന്റെ **26.03.2021**-ലെ വിധിന്യായത്തിന്റെയും മദ്രാസ് ഹൈക്കോടതിയുടെ **WP(MD)No.9754/2023, WMP(MD)No.8689/2023** എന്നിവയിന്മേലുള്ള **08.08.2023**-ലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ വിഷയം പരിശോധിക്കുമ്പോൾ ഹർജിക്കാരൻ വിവരങ്ങൾ പോസ്റ്റ് ചെയ്തിരിക്കുന്നത് എക്സൈസ് ജീവനക്കാരുടേതായ പ്രൈവറ്റ് വാട്സ്ആപ്പ് ഗ്രൂപ്പിലാണ്. അവിടെ പൊതുജനങ്ങൾക്ക് **accessibility** ഇല്ല എന്ന് കാണാവുന്നതാണ്. അവരുടെ ന്യായമായ ആവശ്യങ്ങളും പരാതികളും അവരുടെ ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നതിനും പരിഹാരം തേടുന്നതിനുള്ള ന്യായമായ അവകാശം അവർക്ക് ലഭിക്കേണ്ടതുണ്ട്. ടി കോടതി വിധിന്യായങ്ങളും അത് സാധൂകരിക്കുന്നുണ്ട്.

**8)** മേൽ വിഷയത്തിൽ അച്ചടക്ക അധികാരി സ്വീകരിച്ച തെളിവുകൾ സംബന്ധിച്ച് എക്സൈസ് കമ്മീഷണർ പരാമർശം **(3)**-ലെ **5.2.2026** തീയതിയിലെ കത്തുപ്രകാരം ചുവടെ ചേർക്കുംവിധം റിപ്പോർട്ട് ചെയ്തിരുന്നു:

"കൊല്ലം ഡിവിഷനിലെ എക്സൈസ് ഡ്രൈവർ ശ്രീ. അബ്ദുൽ മനാഫിനെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി നടത്തിയ ഫോർമൽ എൻക്വയറിയിൽ ടി ഉദ്യോഗസ്ഥനെതിരായ ആരോപണങ്ങൾ തെളിഞ്ഞിട്ടുള്ളതാണ്. ഏതൊരു സർക്കാർ ഉദ്യോഗസ്ഥനെക്കുറിച്ചുമുള്ള പരാതികളും ആരോപണങ്ങളും

അറിയിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വിപുലമായ സർക്കാർ സംവിധാനങ്ങളും വകുപ്പുതല സംവിധാനങ്ങളും നിലവിൽ ഉണ്ടായിരിക്കുകയും ആയതിനെ കുറിച്ച് വ്യക്തമായ അവബോധം ശ്രീ.എ.അബ്ദുൽ മനാഫിന് ഉണ്ടായിരുന്നിട്ടും അപ്രകാരം ചെയ്യുന്നതിനുപകരം ഒരു ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥനെതിരെ സോഷ്യൽ മീഡിയയിലൂടെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പ്രചരിപ്പിച്ചത് ഉദ്യോഗസ്ഥർക്കിടയിൽ സ്പർദ്ധയുണ്ടാക്കുന്ന തരത്തിലുള്ളതും ആയത് ഗുരുതരമായ അച്ചടക്കലംഘനവും സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകളുടെ ലംഘനവും സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടലംഘനവും മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളുടെ ലംഘനവുമാണെന്നും ആരോപണവിധേയനായ എക്സൈസ് ഡ്രൈവർ ശ്രീ.എ.അബ്ദുൽ മനാഫിന്റെ മേൽ പ്രവൃത്തി ഒരു അച്ചടക്കസേനയിലെ അംഗം എന്ന നിലയിൽ നീതിപൂർവ്വമല്ലാത്ത പ്രവൃത്തി ആണെന്നും ഫോർമൽ എൻക്വയറിയിൽ കണ്ടെത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൽ മനാഫിനെതിരായ അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ **(without cumulative effect)** ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി **22.08.2024**-ലെ **EXC/2281/2022-XE5** നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്."

**9)** എക്സൈസ് വകുപ്പിലെ കുറച്ചു ജീവനക്കാർമാത്രം ഉൾക്കൊള്ളുന്നതും പുറത്തുനിന്നുള്ളവർക്കോ പൊതുജനത്തിനോ ആക്സസ് ചെയ്യുവാൻ കഴിയാത്തതുമായ ഒരു പ്രൈവറ്റ് ഗ്രൂപ്പാണ് വോയ്സ് ഓഫ് എക്സൈസ് എന്ന് പ്രതിപാദിക്കുന്നുണ്ടെങ്കിലും ടി ഗ്രൂപ്പിൽ വന്ന മെസേജ് പുറത്തായതു സംബന്ധിച്ച ഉത്തരവാദിത്തത്തിൽനിന്ന് ശ്രീ.അബ്ദുൽ മനാഫിനെ ഒഴിവാക്കാൻ സാധിക്കുന്നതല്ല. ശ്രീ.എൽ.മുഹമ്മദ് ആഷിക് പങ്കുവച്ച

വിവരങ്ങളുടെ വിശ്വാസ്യതയെക്കുറിച്ച് അന്വേഷിക്കാതെയും ടിയാന്റെ അറിവോ സമ്മതമോ ഇല്ലാതെയുമാണ് ശ്രീ.അബ്ദുൽ മനാഫ് ശ്രീ.കൃഷ്ണകുമാറിനെ പേരെടുത്ത് പരാമർശിക്കാതെയും, തെളിവുകളുടെ പിൻബലമില്ലാതെയും അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാജനകവുമായ വിവരം വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവച്ചിട്ടുള്ളത്. ഏതൊരു സർക്കാർ ഉദ്യോഗസ്ഥനെക്കുറിച്ചും പരാതിയും ആരോപണങ്ങളും അറിയിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വിപുലമായ സർക്കാർ സംവിധാനങ്ങളും, ഡിപ്പാർട്ട്മെന്റ് സംവിധാനങ്ങളും നിലവിൽ ഉണ്ടായിരിക്കെ ടിയാന്റെ പ്രവൃത്തി അച്ചടക്കസേനയിലെ ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാന്റെ വീഴ്ചയായി കാണാവുന്നതാണ്.

**10)** കൂടാതെ, കേരള എക്സൈസ് ഡ്രൈവേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയാണ് ഹർജിക്കാരൻ എന്നവകാശപ്പെടുന്നു. ടി പോസ്റ്റിൽ ഹർജിക്കാരൻ പറഞ്ഞിട്ടുള്ള യാതനകൾ അനുഭവിച്ച ഉദ്യോഗസ്ഥൻ കേരള എക്സൈസ് ഡ്രൈവേഴ്സ് അസോസിയേഷന്റെ കൊല്ലം ജില്ലാ സെക്രട്ടറിയുമാണ്. ടി സംഘടന ഒരു അംഗീകൃത സംഘടനയാണെന്ന് കാണുന്നില്ല. ഇത്തരം സംഘടനയുടെ പ്രവർത്തനം ഏത് രീതിയിൽ ആണെന്നും വ്യക്തമാകുന്നില്ല. ശ്രീ.അബ്ദുൽ മനാഫ് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചേർത്തിരിക്കുന്ന ശ്രീ.മുഹമ്മദ് ആഷിക്കിന്റേതായ കത്തിന്റെ വിശ്വാസ്യത സംബന്ധിച്ചോ ടി കത്ത് ടിയാന്റെ തിരോധാനവുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണത്തിൽ പരിഗണിച്ചതു സംബന്ധിച്ചോ ഉള്ള വിവരങ്ങളൊന്നും ലഭ്യമല്ല. അംഗീകാരം ഇല്ലാത്ത സംഘടനയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ സഹപ്രവർത്തകന്റെ തിരോധാനവുമായി ബന്ധപ്പെട്ട് മേലുദ്യോഗസ്ഥനെതിരെ വാട്സ്ആപ്പ് ഗ്രൂപ്പിൽ വിശ്വാസയോഗ്യമല്ലാത്തതും അടിസ്ഥാനമില്ലാത്തതുമായ വിവരം പ്രചരിപ്പിച്ച ശ്രീ. അബ്ദുൽ

മനാഫിന്റെ പ്രവൃത്തി ഒരു അച്ചടക്കസേനയിലെ ഉദ്യോഗസ്ഥനു ചേർന്ന പെരുമാറ്റം ആയി കാണുന്നില്ല.

**11)** എന്നിരുന്നാലും, ശ്രീ.അബ്ദുൽ മനാഫിനെതിരായ അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ **(without cumulative effect)** ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവ് റദ്ദു ചെയ്ത് ടിയാനെ കുറ്റവിമുക്തനാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ആറു മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് പരാമർശം (2) അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**REENA O**

ഡെപ്യൂട്ടി സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.അബ്ദുൽ മനാഫ്, എക്സൈസ് ഡ്രൈവർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/92/2025-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 30-03-2026 18:05:10

സെക്ഷൻ ഓഫീസർ